കെട്ടണമെന്നുമാത്രമല്ല എന്ത് മതത്തിന്റെ പേരിലാണെങ്കിലും ഇതിന്റെ മുന്നിലും പിന്നിലും പ്രവർത്തിച്ച ആളുകളുടെപേരിൽ നടപടിയെടുക്കണം. ആരാധനാസ്വാതന്ത്ര്യത്തിന് എതിരല്ല, മതവിഭാഗങ്ങളെ എതിർക്കുന്നില്ല, പക്ഷേ ആരാധനയുടേയും മതസ്വാതന്ത്ര്യത്തിന്റേയും പേരിൽ രാജ്യത്തിന്റെ മുഴുവൻ ജനങ്ങളുടേയും ഐക്യബോധത്തേയും രാജ്യത്തിന്റെ ദേശീയ പ്രബുദ്ധതയേയും തകർക്കുന്നതരത്തിൽ ഇത്തരം നടപടികൾക്ക് നേതൃത്വംകൊടുത്ത ആളുകളുടെ പേരിൽ കർശനനടപടികൾ എടുക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് നേതൃത്വം കൊടുക്കുകയും ഇന്ത്യാഗവൺമെന്റുമായി അടിയന്തിരമായി ബന്ധപ്പെട്ട് വേണ്ട നടപടികൾ സ്വീകരിക്കണമെന്നും ഞാനഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, യഹോവയുടെ സാക്ഷികളെന്ന സഭയുടെ പ്രസിദ്ധീകരണത്തിലാണ് ഇങ്ങനെ കാണിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. സർ, ഈ സഭക്കാരെ സംബന്ധിച്ച് ഇതിനുമുമ്പും പരാതിയുണ്ടായിട്ടുണ്ട്. ദേശീയഗാനം ആലപിക്കുന്നതിനെ ഇവർ വിമർശിക്കുന്നതായിട്ട് അല്ലെങ്കിൽ ദേശീയഗാനം ആലപിക്കാൻ വിസമ്മതിച്ചതായി പരാതികിട്ടിയിട്ടുണ്ട്. ഏതായാലും മതന്യൂനപക്ഷങ്ങൾക്ക് മതം സംരക്ഷിക്കുന്നതിനുള്ള സംരക്ഷണമാണ് ഇന്ത്യൻ ഭരണഘടന നൽകിയിട്ടുള്ളത്. പുതിയ ഗവൺമെന്റാകട്ടെ അത് അക്ഷരാർത്ഥത്തിൽ കാത്തുസൂക്ഷിക്കുന്ന കാര്യത്തിൽ ബാദ്ധ്യസ്ഥരാണ്, അതിൽ താൽപ്പര്യം ഉള്ളവരാണ്. അത് സംരക്ഷിക്കുകതന്നെ ചെയ്യും. പക്ഷേ മതവിശ്വാസത്തിന്റെ മറവിൽനിന്നുകൊണ്ട് വിദേശ ഏജൻസികളുടെ സഹായത്തോടുകൂടി ഇന്ത്യയെ എതിർക്കയാണ്. ഈ പ്രവർത്തനങ്ങളെ ഒരു ഗവൺമെന്റിനും അനുവദിച്ചുകൊടുക്കാൻ സാദ്ധ്യമല്ല. ഈ കാര്യങ്ങളെസംബന്ധിച്ച് ഗവൺമെന്റ് അന്വേഷിച്ച് സത്വരമായ നടപടികൾ സ്വീകരിക്കും. മതത്തിന്റെ മറവിൽനിന്നുകൊണ്ട് ഇത്തരം ദേശീയവിരുദ്ധപ്രവർത്തനങ്ങൾ നടത്തുന്നത് ഒരിക്കലും അനുവദിച്ചുകൊടുക്കാൻപ്പറ്റില്ലെന്ന് വ്യക്തമാക്കുകയാണ്. മതന്യൂനപക്ഷങ്ങൾക്ക് പരിപൂർണ്ണസംരക്ഷണം നൽകുകയെന്നുള്ളത് ഈ ഗവൺമെന്റിന്റെയും ഇന്ത്യാഗവൺമെന്റിന്റെയും ബാദ്ധ്യതയാണ്. അതുനിർവ്വഹിക്കും. അതേസമയം ഇത്തരത്തിലുള്ള രാജ്യദ്രോഹനടപടികൾ ഒരിക്കലും അനുവദിക്കുകയില്ല, ആവശ്യമായ നടപടികൾ സ്വീകരിക്കും.

V റിപ്പോർട്ട് സമർപ്പണം

(1) 1984-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലക്കെടുക്കൽ) ഭേദഗതിബിൽ സംബന്ധിച്ച സബ്ജക്ട് കമ്മറ്റി റിപ്പോർട്ട്

Minister for Industry **(Shri E. Ahammed):** Sir, I present the Report of the Subject Committee on the Kerala Cashew Factories (Acquisition) Amendment Bill, 1984 together with the Bill as reported by the Subject Committee.

(2) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ട്

ശ്രീ. എം. എം. ഹസ്സൻ: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

Mr. Speaker: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly